**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയം ഭരണവകുപ്പ് -തൃശ്ശൂർ ജില്ല- മൂരിയാട് ഗ്രാമപഞ്ചായത്ത് 2009-2010,2010-2011 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.7 –ഓഡിറ്റ് തടസ്സം സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

സ.ഉ (സാധാ) നം.1177/15/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി:18/04/2015

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 18-09-2014 ലെ M3.34475/14 നമ്പർ കത്ത്.

2)ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 21-02-2015 ലെ L.F 16618/PT2/2014 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

ത്രിശ്ശൂർ ജില്ലയിലെ മൂരിയാട് ഗ്രാമപഞ്ചായത്തിന്റെ 2009-2010,2010-2011 വർഷത്തെ ലോക്കൽഫണ്ട് ആഡിറ്റ്റിപ്പോർട്ട് ഖണ്ഡിക 3.7 പ്രകാരം പട്ടിക ജാതി വിഭാഗത്തിലെ പെണ്കുട്ടികൾക്ക് വിവാഹ ധനസഹായം എന്ന പദ്ധതിപ്രകാരം അധികമായി നല്കിയ 1,05,000/-രൂപ തടസ്സപ്പെടുത്തിയിരുന്നു. ആയതിനു സാധൂകരണം ലഭ്യമാക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം 1 പ്രകാരം ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

മൂരിയാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണം, ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 16/07/2014 ലെ 11ാം നമ്പർ തീരുമാനം, പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശ, സെക്രട്ടറിയുടെ മാപ്പപേക്ഷ എന്നിവ പരിഗണിച്ച് ഖണ്ഡിക 3.7 ലെ ചെലവിനു സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം2 പ്രകാരം ലോക്കൽഫണ്ട് ആഡിറ്റ്ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി മേൽ വിവരിച്ച വസ്തുതകളുടെയും ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ അഭിപ്രായത്തിന്റെയും പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശയുടെയും ത്രിശ്ശൂർ ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 16-07-2014 ലെ 11ാം നമ്പർ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ ത്രിശ്ശൂർ ജില്ലയിലെ മൂരിയാട് ഗ്രാമപഞ്ചായത്തിന്റെ 2009-2010,2010-2011 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.7 പ്രകാരം തടസ്സപ്പെടുത്തിയ 1,05,000/-(ഒരു ലക്ഷത്തി അയ്യായിരം രൂപ മാത്രം)രൂപയുടെ ചെലവിനു പ്രത്യേക കേസായി പരിഗണിച്ച് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

സാലമ്മ എബ്രഹാം

ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം

ലോക്കൽഫണ്ട് ആഡിറ്റ്ഡയറക്ടർ,തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,ത്രിശ്ശൂർ

ലോക്കൽഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ,ത്രിശ്ശൂർ

സെക്രട്ടറി, മൂരിയാട് ഗ്രാമപഞ്ചായത്ത്,ത്രിശ്ശൂർ

ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ